## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3940 24/06/2014-ൽ മറുപടിക്ക്

### ബാലാവകാശ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബാലാവകാശ കമ്മീഷൻ വിവിധ ആദിവാസി മേഖലകൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളും വിദ്യാഭ്യാസപരമായ അവസ്ഥകളും വിലയിരുത്തി നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ പട്ടികവർഗ്ഗ മേഖലകളിലെ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളും, വിദ്യാഭ്യാസപരമായ പിന്നോക്ക അവസ്ഥകളും പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ബാലാവകാശ കമ്മീഷൻ നെടുമങ്ങാട്, പോട്ടോമാവ്, താന്നിമൂട്, എന്നിവിടങ്ങൾ സന്ദർശിച്ച ശേഷം നൽകിയ ശുപാർശകൾ സമയബന്ധിതമായി നടപ്പലാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുവാൻ നെടുമങ്ങാട് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ചെങ്ങറ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാരുടെ കുട്ടികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിച്ച് വരുന്നു. ബാലാവകാശ കമ്മീഷൻ വയനാട് ജില്ലയിലെ മേപ്പാടി പ്രീ-മെട്രിക് ഹോസ്റ്റൽ സന്ദർശിച്ച ശേഷം നൽകിയ ശുപാർശകളിൽ അടിയന്തിരമായി തുടർ നടപടി സ്വീകരിക്കുവാൻ വയനാട് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ ജില്ലയിലെ നൂൽപ്പുഴ രാജീവ്ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്ത കാര്യങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പദ്ധ്യക്ഷന്റെ കാര്യാലയത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

. . . 2.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മേഖലയിൽ റേഷൻ വിതരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന് കമ്മീഷന് ലഭിച്ച പരാതിയിന്മേൽ അടിയന്തിര പരിഹാരം കാണണമെന്ന കമ്മീഷൻ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലകളിലെ റേഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ എവിടെയെങ്കിലും പ്രശ്നം ഉണ്ടെന്നു കണ്ടാൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ബന്ധപ്പെട്ട ജില്ലാ, താലൂക്ക് ഓഫീസുകളുമായി ചേർന്ന് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടരെയുള്ള മഴമൂലം തൊഴിൽ നഷ്ടപ്പെടുന്ന കാലയളവിൽ ഭക്ഷ്യ ദൗർലഭ്യം മൂലം പട്ടികവർഗ്ഗക്കാർ ബുദ്ധിമുട്ടനുഭവിക്കാതിരിക്കുന്നതിനു പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. |
| (സി) | ട്രൈബൽ ഹോസ്റ്റലിലെ ശുചിത്വമില്ലായ്മയും മറ്റ് സൗകര്യക്കുറവുകളും കുട്ടികളിൽ രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമാകുന്നുവെന്ന പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനുമായി **"വിദ്യോദയം"** എന്ന പേരിലുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങളും, അധിക സൗകര്യങ്ങളും ഏർപ്പെടുത്തൽ, ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്താൽ, ടോയ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണികൾ, പരിസര ശുചീകരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഓരോ സ്ഥാപനവും സ്ഥിതി ചെയ്യുന്ന സ്ഥലത്തെ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ വിവിധ പ്രതിനിധികൾ അംഗങ്ങളായുള്ള ഉപദേശക സമിതി യോഗം ചേർന്ന് പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക ഹോസ്റ്റലുകളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ